Press release

# ടൂറിസം വികസനത്തിന് 'എന്റെ നാട്' പ്രവാസി മലയാളി കൂട്ടായ്മ കൊച്ചിയിൽ

തിരുവനന്തപുരം: കേരളത്തിന്റെ ടൂറിസം വികസനത്തിൽ വിദേശ മലയാളികളെ പങ്കാളികളാക്കുക എന്ന ലക്ഷ്യത്തോടെ കൊച്ചിയിൽ ഡിസംബർ 23, 24 തീയതികളിൽ 'എന്റെ നാട്' കേരള ടൂറിസം പ്രവാസി കൂട്ടായ്മ സംഘടിപ്പിക്കുന്നു. പരിപാടിയുടെ ലോഗോ പ്രകാശനവും വെബ്സൈറ്റ് ഉദ്ഘാടനവും സെക്രട്ടേറിയേറ്റിലെ പി.ആർ. ചേംബറിൽ ചേർന്ന ചടങ്ങിൽ ബഹു. ആഭ്യന്തര, ടൂറിസം വകുപ്പു മന്ത്രി കോടിയേരി ബാലകൃഷ്ണൻ നിർവഹിച്ചു. www.keralatourism.org/nrkmeet ആണ് വെബ്സൈറ്റ്.

പ്രവാസി മലയാളികളെ കേരളത്തിന്റെ ബ്രാൻഡ് അംബാസഡർമാരാക്കി മാറ്റുക എന്നതാണ് സർക്കാർ ഉദ്ദേശിക്കുന്നത്. വിദേശങ്ങളിൽ ജോലി ചെയ്യുന്ന മലയാളികളുടെ സുഹൃത്തുക്കളെയും സഹപ്രവർത്തകരെയും കേരളത്തിലേക്കുള്ള സഞ്ചാരികളാക്കി മാറ്റാൻ പ്രേരിപ്പിക്കുക എന്നതാണ് ഈ പദ്ധതിയിലെ പ്രഥമപരിഗണന. ഗൾഫ് നാടുകളിൽ നിന്നുള്ള ടൂറിസ്റ്റുകളുടെ വരവ് ഇരട്ടിയാക്കുക എന്ന ലക്ഷ്യവുമുണ്ട്.

പൊതു- സ്വകാര്യ സംയുക്തസംരംഭങ്ങളിൽ പ്രവാസി മലയാളി പങ്കാളിത്തം ഉറപ്പാക്കലാണ് അടുത്ത ലക്ഷ്യം. ഇത്തരം സംരംഭങ്ങൾക്ക് സാധ്യതകളുള്ള പ്രദേശങ്ങൾ കണ്ടെത്തി പ്രവാസി സംരംഭകരുടെ മുന്നിൽ അവതരിപ്പിക്കും. കേരളത്തിലെ സംരംഭകത്വ, മാനേജ്മെന്റ് വൈദഗ്ധ്യമുള്ളവർ തുടങ്ങുന്ന വിവിധ സ്വകാര്യസംരംഭങ്ങളിൽ മുതൽമുടക്കാൻ പ്രവാസി മലയാളികളെ പ്രേരിപ്പിക്കുകയെന്ന ലക്ഷ്യവുമുണ്ട്. റിസോർട്ടുകൾ, ഹോട്ടലുകൾ, സർവ്വീസ് അപ്പാർട്ടുമെന്റുകൾ/ഹോംസ്റ്റേകൾ തുടങ്ങിയവയിൽ പ്രവാസി മലയാളികൾക്ക് സുരക്ഷിതമായി മുതൽമുടക്കാൻ സാധിക്കും.

കുറഞ്ഞത് 25 ലക്ഷം മലയാളികൾ സംസ്ഥാനത്തിന് പുറത്ത് ജോലി ചെയ്യുന്നുണ്ട്. കേരളത്തിലേക്ക് കൂടുതൽ സഞ്ചാരികളെ എത്തിക്കുന്നതിനും കേരളത്തിൽ ടൂറിസം രംഗത്ത് മുതൽമുടക്കുന്നതിനും ഇവർക്ക് അവസരമൊരുക്കുകയാണ് 'എന്റെ നാട്' കൂട്ടായ്മയിലൂടെ.

കേരള സർക്കാരിന്റെ ടൂറിസം വകുപ്പും വ്യവസായ വകുപ്പും സംയുക്തമായാണ് ഈ പരിപാടി സംഘടിപ്പിക്കുന്നത്. സർക്കാർ സ്ഥാപനമായ ടൂറിസം റിസോർട്ട്സ് കേരള ലിമിറ്റഡ് (ടി.ആർ.കെ.എൽ)നെ പരിപാടിയുടെ നോഡൽ ഏജൻസിയായി നിയോഗിച്ചിട്ടുണ്ട്. നോർക്ക, കെ.എസ്.ഐ.ഡി.സി, കെ.എഫ്.സി, കെ.ടി.ഡി.സി, പി.ആർ.ഡി എന്നിവരും പങ്കാളികളായിരിക്കും.

പരിപാടിയുടെ നടത്തിപ്പിനായി ടൂറിസം വകുപ്പ് സെക്രട്ടറി, സെക്രട്ടറിയായും വ്യവസായ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി, ഇൻവെസ്റ്റ്മെന്റ് പ്രമോഷൻ സെക്രട്ടറി, കെ.എസ്.ഐ.ഡി.സി, കെ.എഫ്.സി, കെ.ടി.ഡി.സി എന്നിവയുടെ മാനേജിംഗ് ഡയറക്ടർമാർ, ടൂറിസം ഡയറക്ടർ എന്നിവർ എക്സിക്യൂട്ടീവ് അംഗങ്ങളായും ടൂറിസം റിസോർട്ട്സ് കേരള ലിമിറ്റഡ് (ടി.ആർ.കെ.എൽ) മാനേജിംഗ് ഡയറക്ടർ കൺവീനറുമായി കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്.